# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1700     03.10.2011 ൽ മറുപടിക്ക്**

## കേരളത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. കെ.എം. മാണി<br>ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി |

| | | |
|---|---|---|
| (എ.) | കേരളത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ; | അധിക വിഭവ സമാഹരണത്തിനായി നികുതിയേതര വരുമാന മാർഗ്ഗങ്ങൾ തേടുന്നതിനോടൊപ്പം ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാനിടയുള്ള നികുതി വർദ്ധനവിന് ശ്രമിക്കാതെ കൃത്യമായ നികുതി നിർണ്ണയത്തിലൂടെയും, നികുതി ചോർച്ച തടയുന്നതിലൂടെയും, നികുതി ഒടുക്കൽ സമ്പ്രദായത്തിന് കൂടുതൽ സുതാര്യതയും ആകർഷണീയതയും ഉറപ്പാക്കുന്നതാണ്. ഇത്തരം ഉദ്യമങ്ങൾ വഴി വിഭവ സമാഹരണം കാര്യക്ഷമമാക്കാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ നിശ്ചിത ചതുരശ്ര അടിയിൽ കൂടുതലുള്ള വീടുകൾക്ക് അധിക സെസ്സ്, പുകയില ഉൽപന്നങ്ങളിന്മേലുള്ള നികുതി ഉയർത്തൽ, ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന് ചുമത്തിയിരുന്ന സെസ്സിന്റെ വർദ്ധനവ്, സ്വർണ്ണ വിൽപനയിലെ കോമ്പൗണ്ടിംഗ് രീതിയിലെ പരിഷ്ക്കാരം മൂലമുള്ള നികുതി വർദ്ധനവ്, ലോട്ടറി എന്നിവയിൽ നിന്നും കണ്ടെത്തുന്ന അധിക വരുമാനവും സംസ്ഥാനത്തിന്റെ വികസനത്തിനായി ഉപയോഗപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ അനാവശ്യ ചെലവുകൾ ഒഴിവാക്കിയും സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ ഉദ്ദേശിക്കുന്നു. |
| (ബി.) | വികസന പദ്ധതികൾക്കാവശ്യമായ തുക കണ്ടെത്തുന്നതിന് സംസ്ഥാനത്തിന്റെ മോശമായ സാമ്പത്തിക സ്ഥിതി തടസ്സമാകാതിരിക്കാൻ എന്തെല്ലാം മുൻകരുതലുകൾ എടുക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ? | |

സെക്ഷൻ ഓഫീസർ.